"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ.ഡി. - വടകര - മാഹി കനാലിലെ മുഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി - സിംഗിൾ ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച എസ്റ്റിമേറ്റ് PAC യേക്കാൾ 13.5% കൂടുതലായ ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(കൈ) നം.6/2021/സി.എസ്.ഐ.എന് തീയതി,തിരുവനന്തപുരം, 22/10/2021

---

പരാമർശം:-

1. 17.03.2017 ലെ സ.ഉ. (സാധാ.)നം.06/2017/ സി.എസ്.ഐ.എൻ.ഡി.
2. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 29/06/2020-ലെ ഡബ്ല്യു8-048/സി.ഇ./ഐ.എൻ./2018 നമ്പർ കത്ത്.
3. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 03/09/2020, 27/11/2020, 12/07/2021 എന്നീ തീയതികളിലെ ഡബ്ല്യു8-048/ സി.ഇ./ഐ.എൻ./2018 നമ്പർ കത്തുകൾ.

**ഉത്തരവ്**

"മുഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം" എന്ന പ്രവൃത്തിക്ക് പരാമർശം (1) ലെ ഉത്തരവിൻപ്രകാരം 8.60 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് 7.60 കോടി രൂപയുടെ സാങ്കേതികാനുമതി നല്കിയിരുന്നതാണെന്നും പ്രസ്തുത പ്രവൃത്തി പ്രീക്വാളിഫിക്കേഷൻ ജോലിയായി ടെൻഡർ ചെയ്തെങ്കിലും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചതെന്നും രണ്ടാം തവണയും ടെണ്ടർ ചെയ്തെങ്കിലും ഒറ്റ ബിഡ്ഡർ മാത്രമാണ് പങ്കെടുത്തതെന്നും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച സിംഗിൾ ടെൻഡർ പ്രീക്വാളിഫൈ ചെയ്യാൻ ചീഫ് എഞ്ചിനീയറുടെ PQ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് പ്രസ്തുത സിംഗിൾ ടെണ്ടർ സ്വീകരിക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ചീഫ് എഞ്ചിനീയർ (IN&KP) അഭ്യർത്ഥിക്കുകയുണ്ടായി.

2. എസ്റ്റിമേറ്റ് പിഎസി 7,51,42,408.00 രൂപ ആയ പ്രസ്തുത പ്രവൃത്തിക്ക് ക്വോട്ട് ചെയ്ത തുക 8,56,62,344/- രൂപയാണ്. എൽ.എം.ആർ തുക, ഡിഎസ്ആർ + 10% എന്നിവയുമായി ക്വോട്ട് ചെയ്ത തുക താരതമ്യപ്പെടുത്തുമ്പോൾ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 14% കൂടുതലാണ്. ക്വോട്ട് ചെയ്ത തുകയിൽ കറവ് വരുത്തുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി നെഗോഷ്യേഷൻ നടത്തിയെങ്കിലും, നിരക്ക് കുറയ്ക്കാൻ അവർ വിസമ്മതിക്കുകയുണ്ടായെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

3. പശ്ചിമതീര കനാലിന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിന് പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പാക്കേണ്ടത് ആവശ്യമായതിനാൽ നിരക്ക് കുറയ്ക്കുന്നതിന് ബിഡ്ഡറുമായി നെഗോഷ്യേഷൻ നടത്തുവാൻ ചീഫ് എഞ്ചിനീയർ (IN&KP) ക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് ചീഫ് എഞ്ചിനീയർ

ബിഡ്ഡറുമായി ചർച്ച നടത്തുകയും ക്വോട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 14% ൽ നിന്നും 13.5% ആയി (Rs 8,52,86,632) കറയ്ക്കാമെന്നും, സൈറ്റിലേക്കുള്ള റോഡ് വളരെ ഇടുങ്ങിയതും ഭാരമേറിയ വാഹനങ്ങൾക്ക് കടന്നുപോകാൻ ബുദ്ധിമുട്ടുള്ളതുമാണെന്ന സൈറ്റ് അവസ്ഥകളും, കോവിഡ് 19 പകർച്ചവ്യാധിയുടെ സാഹചര്യത്തിൽ അത് തടയാൻ സാമൂഹിക അകലം പാലിക്കുന്നതിനും മറ്റ് സംരക്ഷണ നടപടികൾക്കുമായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള എല്ലാ മുൻ കരുതലുകളും സ്വീകരിച്ചിട്ടുള്ളതിനാലും നിരക്ക് ഇതിൽ കൂടുതൽ കറയ്ക്കാൻ കഴിയില്ലെന്നും, എസ്റ്റിമേറ്റ് പി.എ.സി. തുകയേക്കാൾ 13.5% ആയ Rs.8,52,86,632/- രൂപ അംഗീകരിക്കണമെന്നും ബിഡ്ഡർ അറിയിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ പരാമർശം (3) ലെ 27/11/2020ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

4. സൈറ്റ് സ്ഥിതിചെയ്യുന്നത് ഒരു വിദൂര പ്രദേശത്താണെന്നും, സൈറ്റിലേക്കുള്ള പ്രവേശനം വളരെ ഇടുങ്ങിയ റോഡിലൂടെ മാത്രമാണെന്നും, അവിടെ ഹെവി വാഹനങ്ങൾക്ക് പോകാൻ ബുദ്ധിമുട്ടാണെന്നും, ജോലിയുടെ സാങ്കേതിക അനുമതി 2016 ഡി.എസ്.ആർ നിരക്കിനെ അടിസ്ഥാനമാക്കിയുള്ളതും ജോലിക്ക് അടിയന്തിര പ്രാധാന്യമുള്ളതിനാലും ക്വോട്ട് ചെയ്ത നിരക്ക് സമ്മതിക്കുന്നത് ഉചിതമായിരിക്കുമെന്നും എസ്റ്റിമേറ്റ് നിരക്കിൽ നിന്ന് 13.5% വർദ്ധനയുണ്ടെങ്കിലും നിലവിലുള്ള സാഹചര്യങ്ങളിൽ റീടെൻഡറിൽ ഉയർന്ന നിരക്കായിരിക്കും ലഭിക്കുകയെന്നതിനാൽ ഇത് ഒരു മികച്ച ഓപ്ഷനായി കാണുന്നുവെന്നും, പ്രധാന ജോലിയായ മുഴിക്കൽ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനു കരാർ നല്കിയിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്-ന് തന്നെ ആയതിനാൽ ഈ പ്രവൃത്തിയും അതേ കരാറുകാർക്ക് നല്കുന്നത് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി നടപ്പാക്കാൻ സഹായിക്കുമെന്നും ചീഫ് എഞ്ചിനീയർ പരാമർശം (3) ലെ 12/07/2021-ലെ കത്ത് പ്രകാരം ശിപാർശ ചെയ്യുകയുമുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോഴിക്കോട് ജില്ലയിലെ മുഴിക്കലിൽ വടകര-മാഹി കനാലിലെ മുഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്കായി സിംഗിൾ ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച എസ്റ്റിമേറ്റ് PAC (7,51,42,408/- രൂപ) യേക്കാൾ 13.50% കൂടുതലായ രൂപ 8,52,86,632/-(എട്ട് കോടി അൻപത്തിരണ്ട് ലക്ഷത്തി എൺപത്താറായിരത്തി അറുനൂറ്റി മുപ്പത്തിരണ്ട് രൂപ) യുടെ ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി.കെ.ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ (ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും), പഴവീട് പി. ഒ., ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം. പി. ഒ., കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (1581050/ഐ&പി.ഡബ്ല്യു-ബി-3/175/2020-ധന.തീയതി 09/09/2021).
പൊതുഭരണ (എസ്.സി.) വകുപ്പ്( ഇനം നം 324).
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-10-2021

ഫയൽ നം. എ1/99/2020/സി.എസ്.ഐ.എൻ.ഡി. ഇനം നം: 324

വിഷയം : തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ് - കോഴിക്കോട് മൂഴിക്കലിൽ വടകര-മാഹി കനാലിലെ മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച, പി.എ.സി. തുകയേക്കാൾ 13.50% കൂടുതലായ, സിംഗിൾ ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നല്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ്.

**കേരള സർക്കാർ**
**[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. എ 1/99/2020/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്. |
| 3 | വിഷയം | : | കോഴിക്കോട് മുഴിക്കലിൽ വടകര-മാഹി കനാലിലെ മുഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച, പി.എ.സി. തുകയേക്കാൾ 13.50 % കൂടുതലായ, സിംഗിൾ ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നല്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | : | 25/09/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ലീമ മാനുവൽ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്. | : | ശ്രീ. പ്രണബ് ജ്യോതി നാഥ് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 4.10.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. വി. പി.ജോയ് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.10.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.10.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16.10.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 20.10.2021 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | സ.ഉ.(കൈ.) നം. 06/2021/സി.എസ്.ഐ.എൻ. തീയതി. 22/10/2021. |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കോഴിക്കോട് ജില്ലയിലെ മൂഴിക്കലിൽ വടകര-മാഹി കനാലിലെ മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്കായി സിംഗിൾ ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച, എസ്റ്റിമേറ്റ് PAC യേക്കാൾ 13.50 % കൂടുതലായ, ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. "മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം" എന്ന പ്രവൃത്തിക്ക് 17.03.2017 ലെ GO (Rt) No.6/2017/CSIND പ്രകാരം 8.60 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നതും ടി.പ്രവൃത്തിക്ക് 7.60 കോടി രൂപയുടെ സാങ്കേതികാനുമതി 13.03.2020 ലെ IDKKnr/2019-2020/2018/2874/IA ഉത്തരവിൻ പ്രകാരം ഇൻലാൻഡ് നാവിഗേഷനും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ നല്കിയിരുന്നതുമാണ്. 16.03.2020-ലെ ടെൻഡർ നമ്പർ 35/PQ/DIR/INDT/2019-2020 പ്രകാരം പ്രീക്വാളിഫിക്കേഷൻ ജോലിയായി ടെൻഡർ ചെയ്തെങ്കിലും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. തുടർന്ന് രണ്ടാം തവണയും ടെണ്ടർ ചെയ്തെങ്കിലും ഒറ്റ ബിഡ്ഡർ മാത്രമാണ് പങ്കെടുത്തത്.. ചീഫ് എഞ്ചിനീയറുടെ PQ കമ്മിറ്റി, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച സിംഗിൾ ടെൻഡർ പ്രീക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയും, ചീഫ് എഞ്ചിനീയർ (IN&KP) പ്രസ്തുത സിംഗിൾ ടെൻഡർ രേഖകളും LMR comparative statement ഉം അംഗീകാരത്തിനായി സമർപ്പിക്കുകയുമുണ്ടായി. എസ്റ്റിമേറ്റ് പിഎസി 7,51,42,408.00 രൂപ ആയ പ്രസ്തുത പ്രവൃത്തിക്ക് ക്വോട്ട് ചെയ്ത തുക 8,56,62,344 രൂപയാണ്. എൽ.എം.ആർ തുക, ഡിഎസ്ആർ + 10% എന്നിവയുമായി ക്വോട്ട് ചെയ്ത തുക താരതമ്യപ്പെടുത്തുമ്പോൾ ക്വോട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 14% കൂടുതലാണ്. അനുവദനീയമായ തുക എസ്റ്റിമേറ്റ് തുകയേക്കാൾ 10% വരെ മാത്രമാണ്. ഡയറക്ടറുടെ ഓഫീസിൽ നിന്ന് ചർച്ചകൾ നടത്തിയെങ്കിലും, നിരക്ക് കുറയ്ക്കാൻ ബിഡ്ഡർ തയ്യാറായില്ലെന്നും അറിയിച്ചിരുന്നു. പശ്ചിമതീര കനാലിന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിന് പ്രസ്തുത പ്രവൃത്തി എത്രയും വേഗം നടപ്പാക്കേണ്ടത് ആവശ്യമായതിനാൽ നിരക്ക് കുറയ്ക്കുന്നതിന് ബിഡ്ഡറുമായി ചർച്ച നടത്തുവാൻ CE (IN&KP) ക്ക് നിർദ്ദേശം നല്കുകയുണ്ടായി.

3. ടി നിർദ്ദേശപ്രകാരം ചീഫ് എഞ്ചിനീയർ ബിഡ്ഡറുമായി ചർച്ച നടത്തുകയും ക്വോട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 14% ൽ നിന്നും 13.5% ആയി (Rs. 8,52,86,632) കുറയ്ക്കാമെന്നും, സൈറ്റ് അവസ്ഥകളും കോവിഡ് 19 പകർച്ചവ്യാധിയുടെ സാഹചര്യങ്ങളും കണക്കിലെടുത്ത് നിരക്ക് വീണ്ടും കുറയ്ക്കുന്നത് സാധ്യമല്ലെന്നും സൈറ്റിലേക്കുള്ള റോഡ് വളരെ ഇടുങ്ങിയതും ഭാരമേറിയ വാഹനങ്ങൾക്ക് കടന്നുപോകാൻ ബുദ്ധിമുട്ടുള്ളതുമാണെന്നും, കോവിഡ് -19 പാൻഡമിക് തടയാൻ സാമൂഹിക അകലം പാലിക്കുന്നതിനും മറ്റ് സംരക്ഷണ നടപടികൾക്കുമായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള എല്ലാ മുൻ കരുതലുകളും സ്വീകരിച്ചിട്ടുണ്ടെന്നും ബിഡ്ഡർ അറിയിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

4. പ്രസ്തുത നിരക്കിൽ ടെണ്ടറിന് അംഗീകാരം നല്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ താഴെപ്പറയും പ്രകാരം അറിയിക്കുകയുണ്ടായി

"The following observations of CTE is informed to the Administrative Department.

**Details of AS and TS**

Administrative Sanction was accorded vide order No. G.O (Rt) No. 06/2017/CSIND dated 17/03/2017 for an amount of Rs. 8,60,00,000/-.Technical Sanction was accorded for the subject work by the Chief Engineer, Inland Navigation and Kuttanad Package as per order no.INDKknr/2019-20/2018/IA dated 13-03-2020 for an amount of Rs.7,60,00,000/-.

**Call of tenders**

Only one tender was received in the first tender dated 16-03-2020 and work was re tendered on 04-04-2020. In the re tender also s ingle tender was again received from M/s Uralungal Labour Contract Co. Operative Society Ltd., No. 10957, Madappally College (P.O.) Vadakara, Kozhikode for an amount of Rs.8,56,62,344.49/-, which is 14% in excess of the estimate PAC of Rs. 7,51,42,408/-. Chief Engineers PQ committee held on 29-04-2020 decided to pre-qualify the above bidder.

The maximum admissible amount as per rules in force is least of LMR amount, D.S.R +10% tolerance amount and quoted amount.

| | | | |
|---|---|---|---|
| a) | Quoted Amount | - | Rs.8,56,62,344/- |
| b) | DSR 2016 + 10% Tolerance amount | - | Rs. 8,26,56,648 /- |
| c) | LMR | - | Rs.9,30,00,244/- |

Accordingly the admissible amount comes to Rs.8,26,56,648/-, ( based on D.S.R + 10% tolerance ), which is less than the quoted amount of Rs.8,56,62,344.49/- .

Since the amount quoted by the contractor was more than the admissible amount, the Director has sent a negotiation letter to the contractor, but the contractor was not willing to reduce the quoted amount at any rate. The CE (IN&KP) was directed by the AD to negotiate again with the bidder to take up the work at the PAC amount or at least at DSR+10%. CE IN&KP has informed that the Society is not willing to take up the work at PAC amount or at DSR + 10%. Instead, they have informed to take up the work at 8,52,86,632.42/- which is 13.50 % above of the estimate amount.

**CE s recommendation**

The Chief Engineer has reported that, it is unlikely that a better offer will be forthcoming from the contractors if it is tendered again. Hence, the Chief Engineer has requested that the single tender quoted by the ULCCS for an amount of Rs. 8,52,86,632.42/ - may be approved.

**Recommendation**

It is observed that, a flat rate of 0.5% is seen reduced by the bidder during the second negotiation initiated by the CE, IN&KP. Upon perusal of comparative statement attached, it is noted that, rates of 10 nos of the items in the schedule are Abnormally High Quoted Rates (AHQR)

Hence, Administrative Department is advised to negotiate again with the bidder to reduce to the high quoted rates to bring them within DSR + 10% tolerance limit or LMR, whichever is lower and forward the case to finance."

5. തുടർന്ന് ഇക്കാര്യത്തിൽ ബിഡ്ഡറുമായി വീണ്ടും ചർച്ച നടത്തുവാൻ CE (IN&KP) ക്ക് നിർദ്ദേശം നല്കി. സൈറ്റ് അവസ്ഥകളും കോവിഡ് 19 പകർച്ചവ്യാധിയുടെ സാഹചര്യങ്ങളും കണക്കിലെടുത്ത് നിരക്ക് കൂടുതൽ കുറയ്ക്കുന്നത് സാധ്യമല്ലെന്നും, എസ്റ്റിമേറ്റ് പി.എ.സി. തുകയേക്കാൾ 13.5% ആയ Rs. 8,52,86,632/- രൂപ അംഗീകരിക്കണമെന്നും ബിഡ്ഡർ അറിയിച്ചിട്ടുള്ളതായി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു.

6. ഇക്കാര്യം വീണ്ടും ധനവകുപ്പിന്റെ പരിഗണനയ്ക്ക് നല്കിയപ്പോൾ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"The following remarks of CTE is informed to the Administrative Department.

The case was examined earlier and Administrative Department was advised to reduce the rates of the abnormally high rates to bring them within market rates.

Chief Engineer, Inland Navigation and Kuttanad Package vide letter No. W8-046/CE/IN/2016 dated 27-11-2020, has informed that M/s ULCCS Ltd is unwilling to reduce the high quoted rates, and has requested that the amount as per the Negotiation dated 22/08/2020 should be kept at Rs.8,52,86,632.42/ -.

As already recommended, Administrative Department is advised to comply with provisions in GO(P) No.16/2017/Fin dated 6/02/2017, in case the bidder is not willing to reduce the abnormally high rates."

7. ബിഡ്ഡർ നിരക്ക് കുറയ്ക്കാൻ തയ്യാറാകാത്ത പക്ഷം ധനവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 06/02/2017 ലെ G.O(P) No.16/2017/Fin നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം റീ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ ചീഫ് എഞ്ചിനീയർ (IN&KP)ക്ക് നിർദ്ദേശം നല്കി.

8. ഇതേസമയം, പശ്ചിമതീര കനാലിന്റെ വികസന പുരോഗതി അവലോകനം ചെയ്യുന്നതിനായി 08/07/2021 ൽ മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും ടെണ്ടറിന് അംഗീകാരം നല്കുന്നതിന് ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമെന്ന് നിർദ്ദേശിക്കുകയുമുണ്ടായി. അതിൻപ്രകാരം ചീഫ്

എഞ്ചിനീയർ (IN&KP) സമർപ്പിച്ച റിപ്പോർട്ടിൽ സൈറ്റ് സ്ഥിതിചെയ്യുന്നത് ഒരു വിദൂര പ്രദേശത്താണെന്നും, സൈറ്റിലേക്കുള്ള പ്രവേശനം വളരെ ഇടുങ്ങിയ റോഡിലൂടെ മാത്രമാണെന്നും, അവിടെ ഹെവി വാഹനങ്ങൾക്ക് പോകാൻ ബുദ്ധിമുട്ടാണെന്നും, ജോലിയുടെ സാങ്കേതിക അനുമതി 2016 ഡി.എസ്.ആർ നിരക്കിനെ അടിസ്ഥാനമാക്കിയുള്ളതും ഇൻലാൻഡ് നാവിഗേഷന് ഈ ജോലി വളരെ അത്യാവശ്യമായതിനാൽ അവർ ക്വോട്ട് ചെയ്ത നിരക്ക് സമ്മതിക്കുന്നത് നല്ലതാണെന്നും, എസ്റ്റിമേറ്റ് നിരക്കിൽ നിന്ന് 13.5% വർദ്ധനയുണ്ടെങ്കിലും, നിലവിലുള്ള സാഹചര്യങ്ങൾ കാരണം ഒരു റീടെൻഡറിൽ ഉയർന്ന നിരക്കായിരിക്കും ലഭിക്കുകയെന്നതിനാൽ ഇത് ഒരു മികച്ച ഓപ്ഷനായി തോന്നുന്നുവെന്നും, പ്രധാന ജോലിയായ മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിന്റെ നിർമ്മാണം ടെൻഡർ ചെയ്ത കരാർ നല്കിയിരിക്കുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്-ന് ആയതിനാൽ ഈ പ്രവൃത്തിയും അതേ കരാറുകാർക്ക് നല്കുന്നത് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി നടപ്പാക്കാൻ സഹായിക്കുമെന്നും ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്യുകയുണ്ടായി.

9. സിംഗിൾ ടെണ്ടറിന് അംഗീകാരം നല്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചപ്പോൾ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" Finance agrees for placing the single tender of ULCCS, which is not within the admissible limit, before the Council of Ministers.

'This has the approval of Hon'ble Minister (Finance)'."

10. ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ മൂഴിക്കലിൽ വടകര-മാഹി കനാലിലെ മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്കായി സിംഗിൾ ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച എസ്റ്റിമേറ്റ് PAC(7,51,42,408/- രൂപ) യേക്കാൾ 13.50 % കൂടുതലായ 8,52,86,632/-(എട്ട് കോടി അൻപത്തിരണ്ട് ലക്ഷത്തി എൺപത്താറായിരത്തി അറുനൂറ്റി മുപ്പത്തിരണ്ട് രൂപ) രൂപയുടെ ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ച് തീരുമാനത്തിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

കോഴിക്കോട് ജില്ലയിലെ മൂഴിക്കലിൽ വടകര-മാഹി കനാലിലെ മൂഴിക്കൽ ലോക്ക് കം ബ്രിഡ്ജിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്കായി സിംഗിൾ ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് സമർപ്പിച്ച എസ്റ്റിമേറ്റ് PAC (7,51,42,408/- രൂപ) യേക്കാൾ 13.50% കൂടുതലായ രൂപ 8,52,86,632/-(എട്ട് കോടി അൻപത്തിരണ്ട് ലക്ഷത്തി എൺപത്താറായിരത്തി അറുന്നൂറ്റി മുപ്പത്തിരണ്ട് രൂപ) യുടെ ടെൻഡർ സ്വീകരിക്കുന്നതിന് അനുമതി നല്കാമോ?